**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — പഞ്ചായത്ത് ജീവനക്കാര്യം — കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്ത് മുൻ ഹെഡ് ക്ലാർക്ക് ശ്രീമതി. റാണി തണ്ടാർ, മുൻ സെക്ഷൻ ക്ലാർക്ക് ശ്രീ. എം.കെ. അനിൽ, മുൻ എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.കെ. അനിൽകുമാർ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി — തീർപ്പാക്കി — ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1083/2018/തസ്വഭവ                                        തീയതി, തിരുവനന്തപുരം, 17.04.2018

=====================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.05.2015-ലെ ഇ 5(വിഇ 04/2013/ഇആർകെ)37907/2013 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 20.07.2015-ലെ 6748/ഡി3/2015/വിജി. നമ്പർ കത്ത്

3. സർക്കാരിന്റെ 14.10.2015-ലെ 555/ഇപിബി2/2015 തസ്വഭവ നമ്പർ കുറ്റപത്രം

4. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. 2028/2015-ന്മേലുള്ള 27.09.2016-ലെ വിധിന്യായം

5. കുറ്റപത്രത്തിന് ശ്രീമതി. റാണി തണ്ടാർ, ശ്രീ. എം.കെ. അനിൽ, ശ്രീ. കെ.കെ. അനിൽകുമാർ എന്നിവർ യഥാക്രമം 14.01.2016, 16.01.2016, 09.03.2016 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ

6. പഞ്ചായത്ത് ഡയറക്ടറുടെ 28.10.2016-ലെ ഡി5-32214/2015 നമ്പർ കത്ത്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിൽ മണൽ പാസ് അനുവദിച്ച നല്കിയതിൽ ക്രമക്കേടുകൾ ഉണ്ടായിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോട്ടയം ജില്ലയിലെ മുളക്കുളം ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ മണൽ പാസ് അനുവദിച്ച നല്കിയതിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കണ്ടെത്തുകയും ടി ക്രമക്കേടുകൾക്കുത്തരവാദിയായ സെക്ഷൻ ക്ലാർക്ക് ശ്രീ. എം.കെ. അനിൽ, ഹെഡ് ക്ലാർക്ക് ശ്രീമതി. റാണി തണ്ടാർ, ക്ലാർക്ക് ശ്രീ. കെ.കെ. അനിൽ കുമാർ എന്നിവരെ സ്ഥലംമാറ്റുന്നതിനും അച്ചടക്കനടപടി സ്വീകരിക്കുവാനും ശുപാർശ ചെയ്തിരുന്നു. തുടർന്ന് സർക്കാർ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി ജീവനക്കാർക്ക് കുറ്റപത്രം നൽകുകയും ശ്രീമതി. റാണി തണ്ടാറിനെ മലപ്പുറം ജില്ലയിലേക്കും ശ്രീ. എം.കെ. അനിലിനെ കാസറഗോഡ് ജില്ലയിലേക്കും സ്ഥലംമാറ്റി നിയമിക്കുകയുണ്ടായിയെന്നും ശ്രീ. കെ.കെ. അനിൽകുമാർ മുളക്കുളം ഗ്രാമപഞ്ചായത്തിൽ നിന്നും വിടുതൽ ചെയ്യുകയും നിലവിൽ ഉഴവൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ എൽ.ഡി. ക്ലാർക്കായി സേവനമനുഷ്ഠിക്കുകയാണെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. റാണി തണ്ടാറിനെ സ്ഥലംമാറ്റിയതുമായി ബന്ധപ്പെട്ട് ടിയാരി ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ 2028/2015 നമ്പരായി ഒ.എ. ഫയൽ ചെയ്യുകയും ബഹു. ട്രൈബ്യൂണലിന്റെ 19.11.2015 ഇടക്കാല ഉത്തരവ് പ്രകാരം പ്രസ്തുത സ്ഥലംമാറ്റം സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ബഹു. ട്രൈബ്യൂണലിന്റെ പരാമർശം (4) വിധിന്യായത്തിൽ ശ്രീമതി. റാണി തണ്ടാറിനെതിരെ സ്വീകരിച്ച അച്ചടക്കനടപടി അപേക്ഷകയെ നേരിൽ കേട്ട് 4 മാസങ്ങൾക്കുള്ളിൽ തീർപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാരിയെ തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേട്ടു.

പഞ്ചായത്തിൽ മണൽ ലേലം വിളിച്ച് ഏറ്റവും കൂടുതൽ തുക ക്വാട്ട് ചെയ്യുന്ന ആൾക്കാണ് (കോൺട്രാക്ടർ) ലേലം ഉറപ്പിക്കുന്നതെന്നും തഹസിൽദാരുടെ ഓഫീസിൽ ഈ തുക ഒടുക്കുവരുത്തിയതിനുശേഷം തുക പഞ്ചായത്തിന് കൈമാറുകയാണ് ചെയ്യുന്നതെന്നും കടവ് സൂപ്പർവൈസറെ തഹസിൽദാർ ഒപ്പിട്ട പാസ് ഏൽപ്പിക്കുകയും അവർ കൊണ്ടുവരുന്ന പാസ്സിൽ നിർമ്മാണ ആവശ്യങ്ങൾക്കായി മണൽ വേണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകുന്നവർക്ക് അവരുടെ പേര് പാസ്സിൽ ചേർത്ത് സെക്രട്ടറിയോ, സെക്രട്ടറി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ഒപ്പിട്ട് കടവ് സൂപ്പർവൈസർക്ക് നൽകുകയും കടവ് സൂപ്പർവൈസർ ഈ പാസ്സിന്റെ അടിസ്ഥാനത്തിൽ മണൽ കയറ്റിവിടുകയാണ് ചെയ്യുന്നതെന്നും ശ്രീമതി. റാണി തണ്ടാർ ബോധിപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിൽ താൻ ജോലിചെയ്തിരുന്ന അവസരത്തിൽ മണൽ പാസ് കൈകാര്യം ചെയ്യുന്ന സെക്ഷനിൽ ജോലി ചെയ്തിട്ടില്ലെന്നും സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന കാലയളവിൽ ഫ്രണ്ട് ആഫീസ് വഴി ലഭിച്ചിരുന്ന അപേക്ഷകളാണ് പരിഗണിച്ചിരുന്നതെന്നും ഫ്രണ്ട് ആഫീസ് സംവിധാനം ഇല്ലാതിരുന്ന കാലത്ത് അതാത് വാർഡ് മെമ്പർമാർ വ്യക്തികൾക്ക് പാസ്സ് കൊടുക്കണമെന്ന് വിളിച്ച പറയുന്ന കേസുകളിൽ അപേക്ഷകന്റെ പേര് ഇതിനായുള്ള രജിസ്റ്ററിൽ പേര് ചേർത്തതിനുശേഷം പാസ്സ് ഒപ്പിട്ട നൽകുന്ന രീതിയാണുണ്ടായിരുന്നതെന്നും അന്ന് നിലനിന്നിരുന്ന രീതിയനുസരിച്ചാണ് ചെയ്തിരുന്നതെന്നും വില്ലേജ് ഓഫീസർ, പഞ്ചായത്ത് സെക്രട്ടറി, പരിസ്ഥിതി പ്രവർത്തകർ തുടങ്ങിയവരടങ്ങുന്ന കടവ് കമ്മിറ്റിയാണ് മണൽ സംബന്ധമായ കാര്യങ്ങൾ തീരുമാനിക്കുന്നതെന്നും ലേലം വിളിക്കുന്ന കാര്യവും ഈ കമ്മിറ്റിയും പഞ്ചായത്ത് കമ്മിറ്റിയും ചേർന്നാണ് തീരുമാനിക്കുന്നതെന്നും ടിയാരി ബോധിപ്പിച്ചിട്ടുണ്ട്. വാർഡ് മെമ്പർ ശുപാർശ ചെയ്ത കേസുകളിൽ മാത്രമേ സെക്രട്ടറിയുടെ ചാർജ് വഹിച്ചിരുന്ന കാലത്ത് പാസ്സ് ഒപ്പിട്ട നൽകിയിട്ടുള്ളുവെന്നും ഹെഡ് ക്ലാർക്ക് ആയിരുന്നപ്പോൾ സെക്രട്ടറി ചുമതലപ്പെടുത്തിയ അവസരത്തിൽ പാസ് ഒപ്പിട്ട നൽകിയിട്ടുണ്ടെന്നും തുടർന്നു വന്നിരുന്ന രീതി തുടരുകമാത്രമാണ് ചെയ്തിരുന്നതെന്നും യാതൊരു കൃത്രിമവും താൻ കാണിച്ചിട്ടില്ലെന്നും പഞ്ചായത്തിൽ ജോലി ലഭിച്ചതിനുശേഷം ഇതുവരെയും ആരോടും കൈക്കൂലി ആവശ്യപ്പെടുകയോ സ്വീകരിക്കുകയോ ചെയ്തിട്ടില്ലെന്നും ടിയാരി ബോധിപ്പിച്ചിട്ടുണ്ട്.

കുറ്റപത്രത്തിന് ശ്രീ. എം.കെ. അനിൽ, ശ്രീ. കെ.കെ. അനിൽകുമാർ എന്നിവർ പരാമർശം (5) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. മണലിനായി വ്യാജ അപേക്ഷകളുണ്ടാക്കി പാസ് നല്കിയെന്നുള്ളതിനു തെളിവുകളില്ലായെന്നും വാർഡ് മെമ്പറുടെ ശുപാർശയനുസരിച്ചുമാത്രമേ മണൽ പാസ് നല്കാൻ കഴിയുകയുള്ളുവെന്നും അതാതു വാർഡ് മെമ്പർമാർ ശുപാർശ ചെയ്യുന്ന കേസുകളിൽ അവരുടെ ശുപാർശ അനുസരിച്ചുമാത്രമേ പാസ് നൽകിയിട്ടുള്ളുവെന്നാണ് കാണുന്നതെന്നും ആയതിനാൽ എന്തെങ്കിലും ക്രമക്കേട് സംഭവിച്ചാൽ പോലും ജീവനക്കാർ ഉത്തരവാദികളല്ലെന്ന് പഞ്ചായത്ത് ജനപ്രതിനിധികൾ അന്വേഷണ സമയത്ത് നൽകിയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും കാണാൻ കഴിയുന്നതെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ശ്രീമതി. റാണി തണ്ടാറിനെ നേരിൽ കേട്ട വേളയിൽ ബോധിപ്പിച്ച വാദങ്ങളുടെയും ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ

ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് ആവശ്യമായ തെളിവ് രേഖകളിലില്ലെന്ന നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടിക്ക് വിജിലൻസ് വകുപ്പ് ശുപാർശ ചെയ്തിട്ടുള്ളത്. വകുപ്പ് തലത്തിൽ നടത്തിയ അന്വേഷണത്തിലും ജീവനക്കാർക്കെതിരെ ആരോപണങ്ങൾ തെളിയിക്കത്തക്ക യാതൊന്നും ലഭിച്ചിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോപണം തെളിയിക്കത്തക്ക രേഖകളൊന്നും അന്വേഷണത്തിൽ ലഭ്യമല്ലാത്തതിനാൽ ഈ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കാൻ ന്യായമൊന്നും കാണുന്നില്ല. ഈ സാഹചര്യത്തിൽ മുളക്കുളം ഗ്രാമപഞ്ചായത്ത് മുൻ ഹെഡ് ക്ലാർക്ക് ശ്രീമതി. കെ.ആർ. റാണി തണ്ടാർ, ക്ലാർക്ക് ശ്രീ.എം.കെ. അനിൽ, എൽ.ഡി. ക്ലാർക്ക് ശ്രീ. കെ.കെ. അനിൽകുമാർ എന്നവർക്കെതിരെയുള്ള നടപടികളിൽ നിന്നും ടിയാളുകളെ ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീമതി. കെ.ആർ. റാണി തണ്ടാർ, മുൻ ഹെഡ് ക്ലാർക്ക്, മുളക്കുളം ഗ്രാമപഞ്ചായത്ത്
2. ശ്രീ. എം.കെ. അനിൽ, മുൻ ക്ലാർക്ക്, മുളക്കുളം ഗ്രാമപഞ്ചായത്ത്
3. ശ്രീ. കെ.കെ. അനിൽകുമാർ, മുൻ എൽ.ഡി. ക്ലാർക്ക്, മുളക്കുളം ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

4. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിജിലൻസ് വകുപ്പ് (08.11.2017-ലെ ഡി3/138/2017-വിജി. നമ്പർ യു.ഒ. റിമാർക്സ് പ്രകാരം)
9. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/555/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ